കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ല എടയൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പ്രേമരാജൻ.യു. -നെതിരായ അച്ചടക്ക നടപടി തീർപ്പാക്കിയും മുൻ സെക്രട്ടറി ശ്രീ. ജമാർ അബ്ദുൾ റഹ്മാനെ അച്ചടക്ക നടപടികളിൽ നിന്ന് ഒഴിവാക്കിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1740/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/06/2018

---

പരാമർശം:- 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 14.10.2014-ലെ ഇ10 (SC 31/14/MPM) 12189/2014നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 13.11.2014-ലെ 13178/D3/2014/Vig. നമ്പർ കത്ത്

3. സർക്കാരിന്റെ 10.03.2015-ലെ 692/EPB3/15/LSGD നമ്പർ കുറ്റപത്രം.

4. കുറ്റപത്രത്തിന് ശ്രീ.പ്രേമരാജൻ.യു സമർപ്പിച്ച 14.05.2015-ലെ പ്രതിവാദ പത്രിക.

6. പഞ്ചായത്ത് ഡയറക്ടറുടെ 14.12.2015-ലെ D4-9917/15നമ്പർ കത്ത്.

<u>ഉത്തരവ്</u>

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, മലപ്പുറം യൂണിറ്റ് 23/05/14 ന് എടയൂർ ഗ്രാമപഞ്ചായത്തിലെ കുറ്റിച്ചോല കുളമ്പ് പട്ടിക ജാതി കോളനി കുടിവെള്ള പദ്ധതി അഴിമതി സംബന്ധിച്ച് അന്വേഷണം നടത്തി പരാമർശം (1), (2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. റിപ്പോർട്ടിൽ കുറ്റക്കാരനെന്ന് കണ്ടെത്തിയ എടയൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.പ്രേമരാജൻ.യു വിന് പരാമർശം (3) പ്രകാരം ചാർജ് മെമ്മോ നല്കുകയും ടിയാൾ പരാമർശം (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയും ചെയ്തു. ടിയാളുടെ പ്രതിവാദ പത്രികയിൻ മേൽ പഞ്ചായത്ത്

ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

എടയൂർ ഗ്രാമപഞ്ചായത്തിലെ കുറ്റിച്ചോലക്കുളമ്പ് എസ്.സി കോളനി കുടിവെള്ള പദ്ധതി പൂർത്തിയാക്കാനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചില്ലെന്നു കാണിച്ച് കൊണ്ടാണ് മുൻ സെക്രട്ടറി ശ്രീ.യു.പ്രേമരാജനെതിരെ കുറ്റരോപണ മെമ്മോ പുറപ്പെടുവിച്ചിട്ടുള്ളത്. ഈ പ്രവർത്തി 2009-10 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ടതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയറാണെന്നും പ്രവർത്തി ആരംഭിക്കുന്ന കാലഘട്ടത്തിൽ താൻ ആ ഓഫീസിൽ ജോലി ചെയ്തിട്ടില്ലെന്നും തന്റെ ഔദ്യോഗിക കാലയളവിൽ ഈ പ്രവർത്തിക്കായി യാതൊരു തുകയും ചെലവഴിച്ചിട്ടില്ലെന്നും എതിർ വാദ പത്രികയിൽ വിശദീകരിക്കുന്നുണ്ട്. 2010-11 കാലഘട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയർ പ്രൊജക്ടിനാവശ്യമായ സാധന സാമഗ്രികൾ റെയ്ഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. കിണർ കുഴിക്കുന്നതിന് മുമ്പാണ് സാധനങ്ങൾ വാങ്ങിയതെന്നും പിന്നീട് കിണർ കുഴിച്ചപ്പോൾ വെള്ളം ലഭിക്കാത്തതിനാൽ ആയത് മൂടിയെന്നും പിന്നീട് നിലവിലുള്ള പ്രോജക്ടും എസ്റ്റിമേറ്റും വെച്ച് പ്രവർത്തി മുന്നോട്ട് കൊണ്ട് പോകുവാനുള്ള സാഹചര്യം 2010-11 ൽ തന്നെ നിലവിലില്ലായിരുന്നുവെന്നും വസ്തുതകൾ ഇതായിരിക്കെ 2011-12 കാലഘട്ടത്തിൽ ജോലിയിൽ പ്രവേശിച്ച താൻ പ്രവർത്തി നടത്താത്തതിനു കുറ്റക്കാരനെന്ന് പറയുന്നത് വസ്തുതകൾക്ക് നിരക്കുന്നതല്ലെന്നും വിശദീകരിക്കുന്നു വർഷങ്ങൾക്ക് മുൻപേയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ വീഴ്ച കൊണ്ട് നിലച്ചു പോയ പ്രവർത്തിയാണെന്നും തന്റെ ഭാഗത്തു നിന്നും യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ലെന്നുമാണ് വാദിക്കുന്നത്.

ഈ വിഷയവുമായി ബന്ധപ്പെട്ട എടയൂർ ഗ്രാമപഞ്ചായത്തിലെ ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുകയുണ്ടായി. എടയൂർ ഗ്രാമപഞ്ചായത്തിൽ 2009-10 വർഷം 88-ാം നമ്പർ പ്രൊജക്ടായാണ് കുറ്റിച്ചോലക്കുളമ്പ് എസ്.സി കോളനി കുടിവെള്ള പദ്ധതി എറ്റെടുത്തിയിട്ടുള്ളത്. 2009-10ൽ 153000/- രൂപയും 2010-11 ൽ 150000/- രൂപയും കൂടി ആകെ 303000/-രൂപയാണ് പദ്ധതിയിൽ വകയിരുത്തിയത്. 28/07/2009 ന് പഞ്ചായത്ത് ഭരണ സമിതിയും 05/10/2009ന് ജില്ലാ ആസൂത്രണ സമിതിയും അംഗീകരിച്ച പ്രൊജക്ടിന് 02/03/2010 ന് KB/WS/84/2009-10 നമ്പരായി 303000/- രൂപയ്ക്ക് സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. കുറ്റിപ്പുറം എസ്.സി ഡെവലപ് മെന്റ് ഓഫീസറുടെ സാക്ഷ്യപത്രവും ലഭിച്ചതായി കാണുന്നുണ്ട്. പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം കുഴൽക്കിണർ നിർമ്മാണം, വൈദ്യുതീകരണം, പമ്പിംഗ് മെയിൻ വിതരണ ലൈൻ, എച്ച്.ഡി.പി.ഇ ടാങ്ക്, മോട്ടോർ ഫാബ്രിക്കേറ്റഡ് പമ്പ് ഹൗസ് എന്നീ പ്രവർത്തികളാണ്

ചെയ്യേണ്ടിയിരുന്നത്. കുഴൽക്കിണർ നിർമ്മിക്കുന്നതിന് 29289/- രൂപയുടെ എസ്റ്റിമേറ്റ് ഭൂജല വകുപ്പ് തയ്യാറാക്കിയതായും മോട്ടോറും അനുബന്ധ സാധനങ്ങളും 20/03/2010ന് 115051/- രൂപയ്ക്ക് റെയ്ഡ്കോയിൽ നിന്നും വാങ്ങിയതായും കാണുന്നുണ്ട്. പ്രവർത്തി നടത്തുന്നതിന് കരാറുടമ്പടി പത്രം തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആരും ഒപ്പുവച്ചതായി കാണുന്നില്ല എന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയറുടെ ഫയൽ പരിശോധിച്ചതിൽ 30/10/2014 ന് പ്രവർത്തിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ നല്കുന്നതിനായി ആവശ്യപ്പെട്ടതായി കാണുന്നുണ്ട്. അസി.എഞ്ചിനീയറുടെ കത്തിൽ വിജിലൻസ് അന്വേഷണം കഴിഞ്ഞ് ഫയൽ ലഭിച്ചിട്ടുണ്ടെന്നും പ്രവർത്തി നടത്തുന്നതിന് കൺവീനർ കരാർ വയ്ക്കാത്തതിനാൽ പുതിയ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തി നടത്താമോ എന്ന് ആരായുകയും ഈ പ്രവർത്തിക്കായി വാങ്ങിയ സാധനങ്ങൾ പഞ്ചായത്തിൽ എത്തിക്കാൻ നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെട്ടുകയും ചെയ്തതായി കാണുന്നു. 04/11/14 ന് ചേർന്ന പഞ്ചായത്ത് യോഗം ഈ കത്ത് ചർച്ച ചെയ്യുകയും സൈറ്റിൽ കിടക്കുന്ന സാധനങ്ങൾ സ്റ്റോക്കെടുത്ത് അസി.എഞ്ചിനീയറുടെ കസ്റ്റഡിയിൽ സൂക്ഷിക്കുവാൻ അനുവാദം നല്കിയെങ്കിലും കരാർ വയ്ക്കുന്നതും പ്രവർത്തി തുടർന്ന് നടത്തുന്നതും സംബന്ധിച്ച് യാതൊന്നും തീരുമാനിച്ചതായി കാണുന്നില്ല. എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ 88/2010 നമ്പർ പ്രൊജക്ടായ കറ്റിച്ചോലക്കുളമ്പ് എസ്.സി കോളനി കുടിവെള്ള പദ്ധതി ക്രമക്കേടുമായി ബന്ധപ്പെട്ട് 1115051/- രൂപയുടെ സാമ്പത്തിക നഷ്ടം ഗ്രാമപഞ്ചായത്തിന് സംഭവിച്ചിട്ടുണ്ടെന്ന് പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെന്നും ആയത് മെറ്റീരിയൽ വാങ്ങിയ ഇനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയർ നല്കിയ തുകയാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.യു.പ്രേമരാജൻ 20/08/2011 മുതൽ 06/12/2011 വരെയും തുടർന്ന് 03/07/2013 മുതൽ 06/06/2014 വരെയുള്ള കാലയളവിലാണ് എടയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിട്ടുള്ളതെന്നും ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2009-10 വർഷത്തിൽ ആരംഭിച്ച പ്രവർത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തും ഇക്കാര്യം ഫലപ്രദമായി മോണിറ്റർ ചെയ്യാത്തതിൽ പഞ്ചായത്തിന്റെ ഭാഗത്തും വീഴ്ച വന്നിട്ടുണ്ട്. ഓരോ വർഷവും പദ്ധതി സ്പിൽ ഓവറായി ഉൾപ്പെടുത്തുമ്പോൾ അതാത് വർഷമെങ്കിലും ആയത് നടപ്പാക്കുന്നതിന് ഫലപ്രദമായ ഒരു നീക്കം ആരുടെ ഭാഗത്തു നിന്നും ഉണ്ടായതായി കാണുന്നില്ല. എന്നാൽ ശ്രീ.യു.പ്രേമരാജൻ

ജോലിയിൽ പ്രവേശിക്കുന്നതിന്റെ വർഷങ്ങൾക്ക് മുൻപ് ആരംഭിച്ച പ്രവർത്തി എന്ന നിലയിലും നിർവ്വഹണ ഉദ്യോഗസ്ഥൻ അസി.എഞ്ചിനീയറായിരുന്നുവെന്നതും പരിഗണിച്ച് ശ്രീ.യു.പ്രേമരാജന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതുമാണെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം ഇടയൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.യു.പ്രേമരാജനെതിരെ സമർപ്പിച്ച പ്രതിവാദ പത്രികകളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 2009-10 വർഷത്തിൽ ആരംഭിച്ച ടി പ്രവർത്തി ഫലപ്രദമായി മോണിറ്റർ ചെയ്യാത്തതിൽ പഞ്ചായത്തിന്റെ ഭാഗത്തും വീഴ്ച വന്നിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഇടയൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.യു.പ്രേമരാജന് "സെൻഷർ" എന്ന ലഘുശിക്ഷ നൽകി അച്ചടക്ക നടപടി തീർപ്പാക്കിയും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ റിപ്പോർട്ട് സമർപ്പിയ്ക്കുമ്പോൾ തന്നെ സർവ്വീസിൽ നിന്ന് വിരമിച്ചുകഴിഞ്ഞിരുന്ന വിജിലൻസ് റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്ന ഇടയൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ജമാൽ അബ്ദുൾ റഹ്മാനെ അച്ചടക്ക നടപടികളിൽ നിന്ന് ഒഴിവാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ്.മോഹൻദാസ്
അഡീഷണല് സെക്രട്ടറി

പകർപ്പ്

1. ശ്രീ. പ്രേമരാജൻ.യു., മുൻ സെക്രട്ടറി, എടയൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/347/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

5